9 -ാം വർഷം
2025
നവംബർ 16
പള്ളിക്കൂദാശ
മൂന്നാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# ഫൺലാൻഡല്ല പള്ളി

ഹെബ്രാ 9:5-15, യോഹ 2:13-22

യമുനാ തീരത്തെ ആ മഹാ രാജധാനി മുറ്റത്തായിരുന്നു നിനച്ചിരിക്കാത്ത നേരത്തെ സ്ഫോടനം..! മുഗൾഭരണ കാലത്തു ഷാജഹാൻ നിർമിച്ച ചുവന്ന കല്ലുകളിലെ അതിശയനിർമിതി. എല്ലാ സ്വാതന്ത്ര്യദിനത്തിലും പ്രധാനമന്ത്രിമാർ രാജ്യത്തെ അഭിസംബോധന ചെയ്യുന്ന സാക്ഷാൽ ചെങ്കോട്ട...!

തലസ്ഥാനഗരിയിലെ ചുവപ്പുകോട്ടയിലുണ്ടായ സ്ഫോടനത്തിന്റെ സൂക്ഷ്മവേരുകൾ തേടുകയാണ് രാജ്യം. അത്രമേൽ സുപ്രധാനവും സുരക്ഷിതത്വവും പൈതൃകപ്പെരുമയുള്ള തലപ്പൊക്കത്തിനു നേർക്കാണ് നവംബർ പത്തിലെ സന്ധ്യാനേരത്ത് ആ ഇരുട്ടടിയുണ്ടായത്... ഇന്ത്യയുടെ ആത്മാവിനേറ്റ മറ്റൊരു മുറിവിന്റെ ഉറവിടം കണ്ടെത്തുക തന്നെ വേണം; ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രതയും.

ക്രിസ്തുവെന്ന ശ്രേഷ്ഠദേവാലയത്തിനു നേരെ ഒളിഞ്ഞും തെളിഞ്ഞും അതിക്രമം നടത്തുന്ന നവകാല പ്രവണതകളുടെയും വേരുകൾ അറിയണം, തിരുത്തണം, പുതു ശുദ്ധീകരണപ്രക്രിയ വേണം, ക്രിസ്തീയമായ ജാഗ്രത ശക്തമാക്കണം.....
ദേവാലയശുദ്ധീകരണത്തെക്കുറിച്ചുള്ള വിശുദ്ധ യോഹന്നാന്റെ സുവിശേഷ ഭാഗം ഇക്കാര്യങ്ങളിൽ പുതിയ മഷികൊണ്ട് അടിവരയിടുന്നുണ്ട്.

ക്രിസ്തുവിൽ മഹിമയുടെ തലപ്പൊക്കം ചാർത്തി പ്രദക്ഷിണ ഘോഷങ്ങൾ നടത്തുമ്പോൾ, അതവനെ കച്ചവടം ചെയ്യാനാകരുതല്ലൊ.

ക്രിസ്തുവിന്റെ പള്ളിയകം അവനെ വിലപറഞ്ഞു വിൽക്കാനല്ല, അവനോളം വിലയുള്ളതായി മറ്റൊന്നില്ലെന്നു വിളിച്ചുപറയാനാണ്.

## ഗെയിം ഈസ് ഓവർ

കുറ്റൻ മാളിന്റെ നാലാം നിലയിലാണ് ഫൺലാൻഡ്. കുട്ടികൾക്കായി അടിപൊളി കളികളും കംപ്യൂട്ടർ ഗെയിമു



സിജോ പൈനാടത്ത്

കളുമെല്ലാം ഒരുക്കിവച്ചിട്ടുള്ള ആഘോഷത്തിന്റെ ഇടം.

കട്ടിയുള്ള കണ്ണടവച്ച ആ മിടുക്കൻ പയ്യന്റെ മുന്നിലെ സ്ക്രീനിൽ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയുടേതെന്നു തോന്നിപ്പിക്കുന്ന ഗ്രാഫിക്സ് ദൃശ്യം. പള്ളിയുടെ ചുറ്റും തോക്കേന്തിയ കറുത്ത വേഷധാരിക ളെയും ദൃശ്യവത്കരിച്ചിട്ടുണ്ട്.

അവന്റെ കൈവിരൽത്തുമ്പിലെ മൗസ് ക്ലിക്കുകൾ ഓരോന്നായി ചലിച്ചുകൊ ണ്ടിരുന്നു. ഓരോ ക്ലിക്കിനൊപ്പവും തോക്കേന്തിയവർ മുന്നോട്ടു നീങ്ങും. വരാന്തയിലും പള്ളിയകത്തുമായി നിൽക്കുന്ന ളോഹധാരികളെ വെടിവച്ചു വീഴ്ത്തുകയാണത്രെ ഗെയിമിലെ ടാസ്ക്..! സ്ക്രീനു മുന്നിലിരുന്ന അവന്റെ മുഖത്ത് ടാസ്ക് പൂർത്തിയാക്കാനുള്ള ആവേശം പലഭാവങ്ങളായി പടരുന്നുണ്ട്. ഓരോ കൃത്യമായ മൗസ് ക്ലിക്കിലും ഓരോ ളോഹധാരി വെടിയേറ്റുവീഴുന്നു. അവൻ ചിരിക്കുന്നു. ഗെയിം ഈസ് ഓവർ.!

## പള്ളിച്ചിത്രം

മാളിന്റെ വേരുകളിൽ ചാരി, ആ ഗെയിം ബോധപൂർവമാണെന്നു നാലു വരി പ്രസ്താവനയിറക്കി സാമൂഹ്യമാധ്യമ പീഠങ്ങളിൽ 'പാനപാത്ര' മുയർത്തി പ്പിടിച്ചു അഭിമാനപുളകിതരാകാൻ പലർക്കും ഇഷ്ടമാണത്രെ. ഓർക്കുക... മാളിലല്ല, നമ്മുടെ പിള്ളേരുടെ കൈവള്ളയിലൊതുങ്ങുന്ന കൊച്ചു ഫോണിലുമുണ്ട്, അതിനേക്കാൾ കിടുക്കാച്ചി ഫൺലാൻഡുകൾ.

ളോഹധാരിയായ അച്ചനെ വീഴ്ത്തിയാൽ പോയിന്റു കിട്ടുന്ന കളി; എല്ലാ അച്ചന്മാരെയും ഇല്ലാതാക്കിയാൽ ജയിക്കുന്ന കളി.... ഇതാരുടെ ഉള്ളിലുദിച്ചുവെന്നതിൽ പ്രസക്തിയില്ല.

എവിടെയായാലും ഇത്തരം ഡിജിറ്റൽ കളികൾ കുട്ടികളുടെ ബോധധാരകളിൽ കുറിച്ചിടുന്ന പള്ളിച്ചിത്രങ്ങൾ ശോഭന മല്ലെന്നുറപ്പ്.

## ക്രിസ്തു ദേവാലയം

സുവിശേഷത്തിലെ ക്രിസ്തു സംഭവങ്ങളിൽ അല്പം അടിപൊളി യാണ് ദേവാലയ ശുദ്ധീകരണരംഗം. ആഞ്ഞു വീശുന്ന ചാട്ടവാർ,... ആട്ടിയോടിക്കപ്പെടുന്ന ആടുകൾ, പ്രാവുകൾ, കാളകൾ... തട്ടിമറിച്ചിട പ്പെടുന്ന നാണയങ്ങൾ, തീപാറുന്ന ഡയലോഗുകൾ.. എല്ലാം ചേർന്ന് ഒരു സിനിമാ സ്റ്റൈൽ സീനുകൾ.

ഈശോയുടെ ശരീരമാകുന്ന യഥാർഥ ദേവാലയദർശനമാണ് സുവിശേഷകൻ വരച്ചിടുന്നത്. ഈ ദേവാലയം നശിപ്പിച്ചാലും മൂന്നാം ദിനം പണിതുയർത്തുമെന്ന (2. 19), മരണോത്ഥാനങ്ങളുടെ മുന്നാസ്വാദനം (2.22) എത്ര ഊജ്വലമായാണു യോഹന്നാൻ വർണിക്കുന്നത്.

ക്രിസ്തുവിന്റെ മരണം ഒരു ഇഴചേർക്കലായിരുന്നു. സ്വർഗത്തിൽ നിന്നു ഭൂമിയിലേക്കുള്ള ഇഴചേർക്കൽ. ഈ ഭൂമിയിലെ ക്രിസ്തോന്മുഖ സഞ്ചാരാനന്തരം അവനിലണയാൻ, സ്വർഗം പൂകാൻ അവിടേയ്ക്കു നീളുന്ന ഒരിഴചേർക്കൽ ഉറപ്പാക്കണമെന്നു നവംബറിന്റെ ഓർമപ്പെടുത്തലുണ്ട്.

## ചാട്ടവാറിന്റെ ഭാഷ

കെട്ടിയുയർത്തപ്പെട്ട പള്ളികളേക്കാൾ, ക്രിസ്തുവെന്ന ശാശ്വതദേവാലയത്തിന്റെ വിശുദ്ധിയെ വെല്ലുവിളിക്കുന്ന പ്രവണതകൾക്കു നേരെയാണു ചാട്ടവാർ ഉയരുന്നത്.

ക്രിസ്തുവിന് അവനാഗ്രഹിക്കുന്ന അളവിലും ആഴത്തിലും ആഖ്യാനമൊരു ക്കുകയാണ് അഭികാമ്യം. എന്റെ ഇഷ്ടങ്ങളും താത്പര്യങ്ങളുമനുസരിച്ച് അവനെ വ്യാഖ്യാനിക്കുന്ന കസ്റ്റമൈസ്ഡ് ശൈലിയോട് അവൻ കലഹിക്കും, ചാട്ടവാറുയർത്തും.

പള്ളിയുടെ പേരിൽ നീതിയില്ലാത്ത പണപ്പിരിവുരീതികൾ, ലാഭം ലക്ഷ്യമാക്കിയുള്ള ഇടപാടുകൾ, സ്ഥാപനവത്കരണത്തിൽ സ്നേഹം പടിയിറങ്ങിപ്പോയ ചില പള്ളി ഓഫീസുകൾ.... ഇവയെല്ലാം ഇടവകയ്ക്കും സഭയ്ക്കും വേണ്ടിയെന്ന് ഔദ്യോഗികമായി പറഞ്ഞാലും ക്രിസ്തുവിനു വേണ്ടിയാകില്ല.

## പള്ളി എന്ന പ്രിവിലേജ്

പള്ളിയകം വിശ്വാസിക്കു ദൈവതിരുമുമ്പിലെന്ന പ്രിവിലേജ് നൽകുന്നുണ്ട്. അത്രമേൽ അടുത്തിരുന്ന് അവനെ അറിയാൻ, നിശബ്ദമായി അനുഭവിക്കാൻ, മനസു പങ്കുവയ്ക്കാ നെല്ലാമാണ് ആ പ്രിവിലേജ്.

അൾത്താരയിലേക്കെത്തിയാൽ അർപ്പകനുണ്ട് അതുല്യമായൊരു പ്രിവിലേജ്. ബലിയർപ്പണനേരം മഹാപുരോഹിതനായ ക്രിസ്തുവായി മാറുന്ന ആ ശ്രേഷ്ഠനിമിഷങ്ങൾ....

അൾത്താരയ്ക്കു മുന്നിലണയുന്ന ജനത്തിന് ഒളിഞ്ഞും തെളിഞ്ഞും മുറിവു കൾ വിളമ്പുന്നതു പ്രിവിലേജുകളുടെ ദുരുപയോഗസാധ്യതാ പ്രയോഗമല്ലാതെ മറ്റെന്ത്?

അർപ്പിക്കുന്നവന്റെ അന്തഃകരണത്തെ വിശുദ്ധീകരിക്കാൻ കഴിവില്ലാത്ത കാഴ്ചകളും ബലികളും സമർപ്പിക്ക പ്പെടുന്നതിനെക്കുറിച്ച് ഇന്നത്തെ ലേഖനഭാഗത്ത് (ഹെബ്രാ. 9.9) വിശദീകരിക്കുന്നുണ്ട്.

ആയിരിക്കുന്ന ഇടത്തിന്റെ മഹത്വമറി ഞ്ഞ് ആകേണ്ട ക്രിസ്തുവിലേക്ക് എത്താനാവാതെ പോകുന്നെങ്കിൽ ആരെ പഴിക്കണം? നമ്മുടെ പ്രിവിലേജുക ളെയും ശുദ്ധീകരിക്കാം.

## ആത്മീയതയുടെ അന്തരീക്ഷം

സ്ഫോടനമുണ്ടായ ഡൽഹിയെക്കുറിച്ചു പറഞ്ഞാണു പ്രസംഗം തുടങ്ങിയത്. പോയവാരം ഡൽഹി അനുഭവിച്ച മറ്റൊരു നിശബ്ദസ്ഫോടനത്തെക്കുറിച്ചു കൂടി പറഞ്ഞുനിർത്താം.

ബാഹ്യഘടകങ്ങളേൽപിച്ച മുറിവായി രുന്നു ചെങ്കോട്ടയിലേതെങ്കിൽ, തലസ്ഥാനഭൂമിയെയാകെ രോഗാതുര മാക്കുന്ന വായുമലിനീകരണം മറ്റൊരു ദുരന്തമാകുന്നുവെന്നതും ഡൽഹിയുടെ വർത്തമാനം.

ക്രിസ്തുവിനും സഭയ്ക്കും ഇന്നു ബാഹ്യശക്തികളുടെ അതിക്രമ ങ്ങളേൽക്കുന്നതിനെ തിരിച്ചറിയാനാകും. അകത്തെ അന്തരീക്ഷം, അറിയാതെ മലിനമാകുന്നതിനെ ആര് അളക്കും, ആര് തിരുത്തും, ആര് ശുദ്ധീകരിക്കും...!

അകലെ, ഒരു ചാട്ടവാർ വീശുന്നതിന്റെ ശബ്ദം കേൾക്കുന്നുണ്ടോ?അതി ങ്ങടുത്തുവരുന്നുണ്ടോ? ആമ്മേൻ.

*(ദീപിക കൊച്ചി ബ്യൂറോ ചീഫും എഴുത്തുകാരനുമാണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com